അടിസ്ഥാനത്തിൽ അവരുടെ നിർദ്ദേശപ്രകാരം വീണ്ടും ഒരു പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് 1999 ജനുവരി മാസത്തിൽ അംഗീകാരത്തിനു അയച്ചു കൊടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ടിൻമേലും കൂടുതൽ സംശയങ്ങളും വിശദീകരണങ്ങളും ആവശ്യപ്പെട്ടതനുസരിച്ച് : ഏറ്റവുമൊടുവിൽ 1999ലെ ഷെഡ്യൂൽഡ് റേറ്റ് പ്രകാരം തയ്യാറാക്കിയ 1,692 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ട് റിപ്പോർട്ട് നവംബർ മാസത്തിൽ കേന്ദ്ര സർക്കാരിനു അയച്ചു കൊടുത്തിട്ടുണ്ട്. ഇതിനു എത്രയുംവേഗം അനുമതി ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തിവരികയാണ്. 1999 - നവംബർ മാസം നടത്തിയ എം.പിമാരുടെ സമ്മേളനത്തിലും ഈ കാര്യം അവരുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. ഇനിയും കൂടുതൽ സമ്മർദ്ദം ചെലുത്തി കേന്ദ്രഗവൺമെന്റിൽ നിന്ന് ഇതിനു അനുവാദം വാങ്ങുന്നതാണ്.

V. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, കാര്യോപദേശസമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

VI. റിപ്പോർട്ട് പരിഗണന

മി. സ്പീക്കർ : ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രായോഗികമായ ഒരു മാറ്റത്തിന്റെ കാര്യം എന്നോടു സൂചിപ്പിച്ചിരുന്നു. ഇന്നലെത്തന്നെ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഒരു ദിവസത്തെ ബിസിനസ് മാറ്റി മറ്റൊരു ദിവസത്തേക്ക് വയ്ക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. ഇന്നലെ അതു സംബന്ധിച്ച് ഒന്നു രണ്ടു നിർദ്ദേശങ്ങൾ ആലോചിച്ചു.അതിൽ ഏറ്റവും പ്രാക്ടിക്കലായിട്ട് വന്നത് 23-ാം തീയതി വച്ചിരിക്കുന്ന 1999 ലെ കേരളാ സഹകരണ സംഘം (ഭേദഗതി) ബില്ലിന്റെ വകുപ്പു തിരിച്ചുള്ള ചർച്ച 21-ാം തീയതിയിലേക്കും 21-ാം തീയതിയിലെ ഉപധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച 23-ാം തീയതിയിലേക്കും മാറ്റാമെന്നുള്ളതാണ്. ബില്ലിന്റെ ചർച്ച മൂന്നു ദിവസമുണ്ട്. ആരംഭിക്കുന്നത് 20-ാം തീയതിയാണ്. മൂന്നു ദിവസം പൂർണ്ണമായും സഹകരണ ബില്ലിനുവേണ്ടി മാറ്റിവയ്ക്കുകയാണ്. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന 20,22,23 എന്നുള്ളത് മാറ്റി 20,21,22 എന്നീ തീയതികളിലാക്കുക, ധനകാര്യ വകുപ്പു മന്ത്രിയുമായിട്ടുള്ള കാര്യമേയുള്ളു. അത് സേഫാണ്. ഒരു പ്രശ്നവുമില്ല. ആ രൂപത്തിൽ ഈ ഭേദഗതിയോടുകൂടി സഭ റിപ്പോർട്ട് അംഗീകരിക്കാവുന്നതാണ്. ആ രൂപത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യാവുന്നതാണ്.

കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി.എം.ജേക്കബ് : സർ, കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ നാളെ ചർച്ചക്കു വരികയാണ്. അമെന്റ്മെന്റ് കൊടുക്കുന്നതിനെ സംബന്ധിച്ച് ബുള്ളറ്റിൻ വരാനുള്ള സമയമെടുക്കും. ചെയർ ഇന്നു പറഞ്ഞാൽ സഭയ്ക്കു തീരുമാനിക്കാമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : അത് ഇന്നലെ പറഞ്ഞല്ലോ. ഇന്നലെ ബി.എ.സി.യിൽ കണ്ടല്ലോ.

ശ്രീ. ടി.എം. ജേക്കബ് : ബി.എ.സി. അനൗൺസ് ചെയ്യാത്തതുകൊണ്ട് മെമ്പർമാർക്കു പലർക്കും അറിഞ്ഞുകൂടാ. ബി.എ.സിയുടേതായി ഇവിടെ അനൗൺസു ചെയ്തിട്ടില്ല. സഭയിൽ ഇത് ഇപ്പഴേ വന്നുള്ളൂ.

മി. സ്പീക്കർ : ഹൈവേ പ്രൊട്ടക്ഷൻ ബിൽ ബുള്ളറ്റിൻ പഴയതനുസരിച്ചാണെങ്കിൽ 15-ാം തീയതി വരുന്നു. അതിന്റെ ഭേദഗതിയും നറുക്കെടുപ്പും 14-ാം തീയതി വൈകുന്നേരം 5 മണിവരെയാകാം.

VII . നിയമനിർമ്മാണകാര്യം

1999-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപ നിധി ബിൽ(ചർച്ചതുടർച്ച)

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ പൊതുവിലുള്ള സാമ്പത്തിക വളർച്ചയ്ക്ക് ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ള കാര്യമാണ്. ആ നല്ല ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതെങ്കിൽ അതിനെ പൂർണമായും, കലവറയില്ലാതെ ഞാൻ പിന്തുണയ്ക്കുകയാണ്. 1996-97-ൽ സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 9-ാം പദ്ധതിക്കാലത്ത് കേരളത്തിൽ 52,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കണമെന്ന് ചൂണ്ടിക്കാണിച്ചു. സംസ്ഥാന പ്ലാനിംഗ് ബോർഡ് നടത്തിയ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിലാണ് 9-ാം പദ്ധതി അവസാനിക്കുമ്പോൾ കേരളം ദേശീയ നിലവാരത്തോടൊപ്പം എത്തണമെങ്കിൽ 52,000 കോടിരൂപയുടെ മുതൽമുടക്ക് ഉണ്ടാക്കണമെന്ന് ചൂണ്ടിക്കാണിച്ചത്. ഇതിൽ 16,100 കോടി രൂപയോളം സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റാണ്. സംസ്ഥാന പ്ലാൻ പദ്ധതിയാണ്. ബാക്കി 28,900 കോടി രൂപയോളം സ്വകാര്യ മുതൽമുടക്കാണ്. ഇനി 9-ാം പദ്ധതിക്ക് ഒന്ന്, ഒന്നര വർഷമേ അവശേഷിക്കുന്നുള്ളൂ. ഈ കാലയളവിൽ 1996-97-ൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ *(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. വിശ്വൻ)*

സംസ്ഥാനത്ത് എത്ര കോടിരൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കാൻ കഴിഞ്ഞുവെന്നകാര്യം ഗൗരവപൂർവ്വം ഈ സഭ പരിശോധിക്കണം. ഇവിടെ കേരളം മാത്രമല്ല ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മറ്റ് ബോണ്ടുകൾ മുഖേനയും വളരെ വലിയ തോതിൽ വിഭവ സമാഹരണം നടത്തുന്നു. 1996-97-ലെ ബഡ്ജറ്റിൽ ഇത് പ്രഖ്യാപിച്ച ശേഷം കേരളത്തിൽ ഈ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കാര്യമായി നമുക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾത്തന്നെ സംസ്ഥാന ഗവൺമെന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് എന്നുപറഞ്ഞ് 500 കോടിരൂപ സമാഹരിക്കാൻ കൊണ്ടുവന്നു. ഇതിന് ഞാൻ ചില ഒബ്ജക്ഷൻസ് ചൂണ്ടിക്കാണിച്ചു. യഥാർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റിന്റെയും റിസർവ് ബാങ്കിന്റെയും അംഗീകാരം പോലും ഇല്ലാതെയാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റി

LIBRARY ARCHIVES Kerala Legislative Assembly